(2) എൻ.സി.എ നിയമനം

ശ്രീ. പി. ഉബൈദുള്ള : സർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എൻ.സി.എ. നിയമനം വൈകിപ്പിക്കുന്നതുമൂലം ഭരണഘടന വിഭാവന ചെയ്യുന്ന അർഹമായ ഉദ്യോഗ പ്രാതിനിധ്യം പിന്നോക്ക വിഭാഗങ്ങൾക്ക് നഷ്ടമാകുന്ന അതിഗുരുതരമായ സ്ഥിതിവിശേഷം ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. പിന്നോക്ക വിഭാഗങ്ങൾക്ക് സർക്കാർ ഉദ്യോഗങ്ങളിൽ ഉണ്ടായിട്ടുള്ള പ്രാതിനിധ്യക്കുറവ് പരിഹരിക്കുന്നതിനുള്ള നരേന്ദ്രൻ കമ്മീഷൻ നിർദ്ദേശത്തെ തുടർന്നാണ് എൻ.സി.എ. നിയമന സമ്പ്രദായം സർക്കാർ കൊണ്ടുവന്നത്. 2011-നുശേഷം വിജ്ഞാപനം വന്ന ആയിരത്തിയിരുന്നൂറിലധികം തസ്തികകളിലേയ്ക്കുള്ള പതിനായിരത്തോളം എൻ.സി.എ. നിയമനങ്ങൾ ഇതുവരെ എങ്ങും എത്തിയിട്ടില്ല. സർവ്വീസിൽ സംവരണ നിയമനം പ്രതീക്ഷിച്ച് കാത്തിരിക്കുന്ന പതിനായിരക്കണക്കിന് പിന്നോക്ക വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളെ നിരാശപ്പെടുത്തുന്ന നടപടിയാണിത്. 2012-ൽ 761 തസ്തികകളിലേയ്ക്ക് പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും എൻ.സി.എ. പരീക്ഷ നടത്തി ലിസ്റ്റിട്ടത് വെറും 20-ൽ താഴെ തസ്തികളിലേയ്ക്ക മാത്രമാണ്. 2013-ൽ വിജ്ഞാപനം പുറപ്പെടുവിച്ചത് 649 തസ്തികകളിലായിരുന്നെങ്കിൽ അതിൽ 317 എണ്ണം എൻ.സി.എ. നിയമനമായിരുന്നു. എന്നാൽ ഇതുവരെ പരീക്ഷ നടത്തിയിട്ടില്ല. 2014-ൽ ഇതുവരെ 538 തസ്തികകളിലേക്ക് വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും എൻ.സി.എ. പരീക്ഷ നടത്തി ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. അതേസമയം ജനറൽ വിഭാഗത്തിൽ ഇതേ കാലയളവിൽ നിരവധി തസ്തികകളിൽ അന്തിമ ലിസ്റ്റ് തയ്യാറാക്കുകയും നിയമനങ്ങൾ നടത്തുകയും ചെയ്തു. ഒരൊഴിവ് മാത്രമുള്ള പോസ്റ്റിൽ ഒരാൾ മാത്രം അപേക്ഷിച്ചിട്ടും പോസ്റ്റിംഗ് നടത്താത്ത അനുഭവമുണ്ട്. 122/2012 കാറ്റഗറി നമ്പരിലുള്ള വിശ്വകർമ്മ സമുദായത്തിന് മാത്രം നീക്കിവച്ച ജൂനിയർ അറബിക് ലാംഗ്വേജ് ടീച്ചർ (ഹൈ സ്കൂൾ) തസ്തികയിലേയ്ക്കാണ് നിയമനം നടത്താതെ പി.എസ്.സി. നീട്ടിക്കൊണ്ടു പോകുന്നത്. ഒരൊഴിവുള്ള തസ്തികകളിൽ രണ്ടും മൂന്നും ഉദ്യോഗാർത്ഥികൾ അപേക്ഷിച്ചിട്ട് കാത്തിരിക്കുന്ന കേസ്സുകളും നിരവധിയാണ്. അടിയന്തരമായി എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്യണമെന്ന സർക്കാർ നിർദ്ദേശം നിലനിൽക്കുമ്പോൾ തന്നെ നിലവിൽ ഒഴിവുള്ള തസ്തികകളിൽപ്പോലും നിയമനം നടത്താതെ സംവരണ നിയമം അട്ടിമറിക്കപ്പെടുന്ന ഈ സാഹചര്യം ഒഴിവാക്കണം. ഈഴവ, തിയ്യ, ബില്ലവ, മുസ്ലീം, എൽ.സി. ഒ.ബി.സി. വിശ്വകർമ്മ, നാടാർ, എസ്സി. എസ്റ്റി. ആംഗ്ലോ ഇന്ത്യൻ തുടങ്ങിയ പിന്നോക്ക വിഭാഗങ്ങളിലുള്ളവർക്കാണ് പി.എസ്.സി.-യുടെ

LIBRARY ARCHIVES Kerala Legislative Assembly

അലംഭാവം കാരണം ജോലി ലഭിക്കാതെ പോകുന്നത്. പിന്നോക്ക വിഭാഗങ്ങൾക്ക് സർക്കാർ ഉദ്യോഗങ്ങളിൽ നരേന്ദ്രൻ കമ്മീഷൻ നിർദ്ദേശിച്ചതുപോലെ അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനും എൻ.സി.എ. നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്.

12.00 Noon]

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 2007 മുതൽ 2014 ഒക്ടോബർ വരെ ആകെ 1754 എൻ.സി.എ. വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എൻ.സി.എ. റാങ്ക് ലിസ്റ്റുകളും സമയബന്ധിതമായി പ്രസിദ്ധീകരിച്ചു വരുന്നുണ്ടെന്നാണ് പി.എസ്.സി. അറിയിച്ചിരിക്കുന്നത്. എൻ.സി.എ. നിയമനങ്ങൾക്ക് കമ്മീഷൻ മുൻഗണന നൽകുന്ന വിവരവും ഗവൺമെന്റിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പക്ഷെ, ഇതിൽ ചില പ്രശ്നങ്ങളുണ്ട്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2005-06-ൽ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ചട്ടം 15 (എ) പ്രകാരവും 14-ാം ചട്ടത്തിന്റെ (സി)യിൽ പറഞ്ഞിട്ടുള്ള റൊട്ടേഷനും 17-ാം ചട്ടത്തിലെ 2-ാം ഉപചട്ടത്തിലെ അനുബന്ധത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പ്രകാരവും ചില മാറ്റങ്ങൾ വരുത്തിയത്. ഒരു സമുദായത്തിൽ ആവശ്യത്തിനുള്ള ഉദ്യോഗാർത്ഥികളെ കിട്ടിയില്ലെങ്കിൽ മറ്റ് സമുദായത്തിലേക്ക് നേരിട്ട് പോകുന്നതിനുപകരം വീണ്ടും അപേക്ഷ ക്ഷണിച്ച് അതേ സമുദായത്തിൽപ്പെട്ടവരിൽത്തന്നെ അർഹതയുള്ളവരുണ്ടെങ്കിൽ കൊടുക്കുന്നതിനുവേണ്ടിയുള്ള സിസ്റ്റമാണ് ചെയ്തത്. എന്നാൽ ചട്ടങ്ങളിൽ ചില പ്രശ്നങ്ങളുണ്ടായിരുന്നു. അത് മാറ്റുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. തുടർച്ചയായുള്ള എൻ.സി.എ. വിജ്ഞാപനങ്ങൾക്കുശേഷവും ഉദ്യോഗാർത്ഥികളെ ലഭ്യമല്ലാതെവന്നിട്ടുള്ള നിരവധി എൻ.സി.എ. ഒഴിവുകൾ നികത്തപ്പെടാതെ അവശേഷിക്കുന്ന സാഹചര്യം നിലവിലുള്ള വിവരം പി.എസ്.സി. സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരമുള്ള എൻ.സി.എ. ഒഴിവുകളിലേയ്ക്ക് രണ്ടു പ്രാവശ്യത്തിൽ കുറയാതെ പുനർവിജ്ഞാപനം നടത്തിയിട്ടും നിശ്ചിത സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ ലഭിക്കാത്തപക്ഷം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള ഭേദഗതി നിർദ്ദേശങ്ങൾ സർക്കാർ പരിശോധിക്കുകയും എൻ.സി.എ. നിയമനങ്ങളിലെ സങ്കീർണ്ണത പരിഹരിക്കുന്നതിനായി കെ.എസ്. & എസ്.എസ്.ആർ.-ൽ ഭേദഗതി വരുത്തുന്നതിനുള്ള നയപരമായ തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. കെ.എസ്.&എസ്.എസ്.ആർ. ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly

വരുത്തുന്നതിനുള്ള കരട് വിജ്ഞാപനം നിയമ വകുപ്പ് സൂക്ഷ്മപരിശോധന നടത്തിയതിനുശേഷം പി.എസ്.സി.-യുടെ പരിഗണനയ്ക്ക് നൽകിയിരിക്കുകയാണ്. ആയതിൻമേലുള്ള പി.എസ്.സി.-യുടെ ഉപദേശം സെക്രട്ടറിതലത്തിൽ പി.എസ്.സി. സെക്രട്ടറിക്ക് അർദ്ധ ഔദ്യോഗിക കത്തുകളയച്ചിട്ടും ലഭ്യമാകാത്തതിനാൽ ചീഫ് സെക്രട്ടറി തലത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാന് വീണ്ടും കത്ത് അയച്ചിട്ടുണ്ട്. പി.എസ്.സി.-യിൽനിന്ന് മറുപടി കിട്ടിയാൽ സബ്ജക്ട് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച് അന്തിമ ഭേദഗതി വിജ്ഞാപനം പുറപ്പെടുവിക്കാൻ കഴിയുന്നതാണ്. അതുവന്നാൽ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ. ഷംസുദ്ദീൻ)

(3) ഗ്രാമീണ റോഡുകളുടെ നിർമ്മാണം

ശ്രീമതി പി. അയിഷാ പോറ്റി: സർ, എന്റെ നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി തകർന്ന 13 ഗ്രാമീണ റോഡുകൾ ആസ്തി വികസന ഫണ്ടുപയോഗിച്ച് പുനരുദ്ധരിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട എല്ലാ പഞ്ചായത്തുകളിലെയും വർക്കുകൾ പി.ഡബ്ല്യു.ഡി. ചെയ്യണമെന്ന റെസൊല്യൂഷനും ഡീറ്റയിൽഡ് എസ്റ്റിമേറ്റുമുൾപ്പെടെ ഗവൺമെന്റിലേക്ക് കൊടുത്ത് മാർച്ച് മാസം 5-ാം തീയതി തന്നെ അതിന്റെ എ.എസ്.-ഉം ലഭ്യമായിരുന്നു. വർക്കുകൾ പി.ഡബ്ല്യു.ഡി. വഴിതന്നെ ചെയ്യണമെന്ന ഉത്തരവോടുകൂടിയാണ് എ.എസ്. വന്നിട്ടുള്ളത്. ഈ ഉത്തരവുകൾ എൽ.എസ്.ജി.-യിലും വകുപ്പിലും പി.ഡബ്ല്യു.ഡി. വകുപ്പിലും ചീഫ് എഞ്ചിനീയർക്കും ഡയറക്ടർക്കുമുൾപ്പെടെ കൊടുത്തിട്ടുള്ളതാണ്. എൽ.എസ്.ജി.ഡി.-യുടെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അനാസ്ഥ കാരണം ഹെഡ് ഓഫ് അക്കൗണ്ട് പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറാതെ മാസങ്ങളായി നീട്ടിക്കൊണ്ടുപോകുന്നു. അതിനാൽ വർക്കുകളൊന്നും ചെയ്യാൻ കഴിയുന്നില്ല. എന്റെ മണ്ഡലത്തിൽ മാത്രമല്ല പല മണ്ഡലങ്ങളിലും ഈ സ്ഥിതിയുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഹെഡ് ഓഫ് അക്കൗണ്ട് മാറ്റി കൊടുക്കാത്തതുകൊണ്ട് വർക്ക് തുടങ്ങാൻ കഴിയുന്നില്ലെന്ന് കാണിച്ച് പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്തെഴുതി. ഒരുമാസം കഴിഞ്ഞപ്പോൾ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ 20-10-2014-ന് അവരുടെ ചീഫ് എഞ്ചിനീയർക്ക് എഴുതിയിരിക്കുകയാണ്, ഞാൻ പറഞ്ഞ വർക്കുകൾ സാങ്ഷനായിട്ടുണ്ട്, ഇതിന്റെ പണം കൊടുക്കണമെന്ന് പറഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly